**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കിഴപ്പിള്ളിക്കര ജലോത്സവത്തിനും തൃപ്രയാർ നാടക വിരുന്നിനും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.270/2020/ത.സ്വ.ഭ.വ** — **തിരുവനന്തപുരം, തീയതി, 01/02/2020**

പരാമർശം:-1. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17/09/2019 ലെ അപേക്ഷ

2.ഗ്രാമ വികസന കമ്മീഷണറുടെ 24/12/2019 ലെ 1518/ഡിപി5/2019/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ താന്ന്യം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജനനി ആർട് സ് ആൻഡ് സ്പോർട് സ് ക്ലബ് സംഘടിപ്പിക്കുന്ന കിഴപ്പിള്ളിക്കര ജലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് 50,000 /-രൂപയും, തൃപ്രയാർ സെന്ററിൽ 25 വർഷമായി നടത്തപ്പെടുന്ന 12 ദിവസം നീണ്ടു നിൽക്കുന്ന തൃപ്രയാർ നാടക വിരുന്നിന്റെ നടത്തിപ്പിലേക്ക് 25,000 /-രൂപയും, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഴപ്പിള്ളിക്കര ജലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് 50,000 /-രൂപയും(അമ്പതിനായിരം രൂപ), 12 ദിവസം നീണ്ടു നിൽക്കുന്ന തൃപ്രയാർ നാടക വിരുന്നിന്റെ നടത്തിപ്പിലേക്ക് 25,000 /-രൂപയും (ഇരുപത്തയ്യായിരം രൂപ)അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി,അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.03 [illegible]:30 IST
Reason: Approved

സെക്ഷൻ ഓഫീസർ